(ബി) അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പുതിയതായി ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല.

(ബി) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

വൈറൽ പനി ചികിത്സയ്ക്കും പ്രതിരോധത്തിനും ഹോമിയോ ഔഷധങ്ങൾ

123 (3887) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈറൽ പനി ചികിത്സയ്ക്കും പ്രതിരോധത്തിനും ഹോമിയോ ഔഷധങ്ങൾ ഫലപ്രദമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഹോമിയോ ഡിസ്പെൻസറികൾ വഴി പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോമിയോപ്പതി വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾ വഴിയും പ്രതിരോധ ഔഷധവും ചികിത്സയും നൽകുന്നുണ്ട്. ഇതിനായി പ്രത്യേക കൗണ്ടറുകൾ പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിന് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജുകളിലൂടെയും പ്രതിരോധ മരുന്നുകളും ചികിത്സയും നൽകിവരുന്നുണ്ട്.

പാലിന്റെ ഗുണ നിലവാര പരിശോധന

124 (3888) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ;

(ബി) പ്രസ്തുത ഗുണനിലവാരം പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly